**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല -തലശ്ശേരി നഗരസഭ - തിരുവങ്ങാട് വില്ലേജ് - വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തലശ്ശേരി നഗരസഭ സെക്രട്ടറിയുടെ 04/03/2021 ലെ ഇ 3/ബിഎ/323/20-21 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 23/10/2021- ലെ TCPKNR/437/2021-C നമ്പർ കത്തും ഉള്ളടക്കവും.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/2380/2021/D3 തീയതി:**14/02/2022**

---

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയിലെ തിരുവങ്ങാട് വില്ലേജിൽ റീ സർവ്വേ നമ്പർ 62/7-എന്നിവയിൽപ്പെട്ട 332 ച.മീ സ്ഥലത്ത് 7.2 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. വിനേന്ദ്രൻ.സി.വി, വലിയപറമ്പത്ത് ഹൗസ്, കാവുംഭാഗം, ഉമ്മൻചിറ-യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി Development Plan For Thalassery Town-Part Variation 2007 പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ NOC/ അനുമതി, സി.ആർ.സെഡ്, ക്ലിയറൻസ് എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണ അനുമതി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 2019 ചട്ടം (9) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം കെ.എം.ബി.ആർ- 2019 അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. കെ.എം.ബി.ആർ-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായനിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by RAJEEVAN PITTAN
Date: 2022.02.14 11:50:23 IST
Reason: Approved

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, തലശ്ശേരി നഗരസഭ-670101

പകർപ്പ്:-

1. ശ്രീ. വിനേന്ദ്രൻ.സി.വി, വലിയ പറമ്പത്തുഹൗസ്, കാവുംഭാഗം.പി.ഒ, ഉമ്മൻചിറ-670649
   .
2. ടൗൺപ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ് 4. കരുതൽ ഫയൽ 5. അധികം

Sr21012022